REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ K.P.ഉണ്ണികൃഷ്ണൻെറ സംസ്ക്കാരം നാളെ. വിയോഗത്തിൽ ആദരാഞ്ജലി അർപ്പിച്ച് പ്രമുഖർ.**
- **ഇന്ന് ലോക വന്യജീവി ദിനം.**
- **ഭക്തി സാന്ദ്രമായി തിരുവനന്തപുരം നഗരം. പൊങ്കാല അർപ്പിച്ച് വിശ്വാസി ലക്ഷങ്ങൾ.**
- **AI യുഗത്തിന് അനുസൃതമായി നൈപുണ്യ കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കുമെന്ന് മന്ത്രി V.ശിവൻകുട്ടി.**
- **ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിലെ ആദ്യ സെമി നാളെ - ദക്ഷിണാഫ്രിക്കയും, ന്യൂസിലാൻഡും ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ K.P.ഉണ്ണികൃഷ്ണൻെറ ഭൗതികദേഹം നാളെ രാവിലെ കോഴിക്കോട് മാനാരി ശ്മ്ശാനത്തിൽ സംസ്കരിക്കും. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ പുലർച്ചെയായിരുന്നു 89 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

പഠന കാലത്തു തന്നെ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗമായി രാഷ്ട്രീയ ജീവിതം തുടങ്ങിയ KP ഉണ്ണികൃഷ്ണൻ 1960-ൽ കോൺഗ്രസിൽ ചേർന്നു. 1971-ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ വടകരയിൽ നിന്ന് ആദ്യമായി വിജയിച്ചു. പിന്നീട് 1977 ൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി വിജയം ആവർത്തിച്ചു, 1980, 1984, 1989, 1991 വർഷങ്ങളിൽ ഇടതുമുന്നണി

സ്ഥാനാർത്ഥിയായി വടകരയുടെ ജനപ്രതിനിധിയായി. 1989-90 കാലഘട്ടത്തിൽ VP.സിംഗ് മന്ത്രിസഭയിൽ ടെലി കമ്മ്യൂണിക്കേഷൻ, ഷിപ്പിംഗ്, ഉപരിതല ഗതാഗത വകുപ്പിൽ കേന്ദ്രമന്ത്രിയായി. രാജ്യത്തെ പിടിച്ചുലച്ച ബൊഫോഴ്സ് കുംഭകോണക്കേസിന്റെ രേഖകൾ മാധ്യമങ്ങൾക്ക് നൽകുന്നതിൽ സുപ്രധാന പങ്കു വഹിച്ച വ്യക്തിയായിരുന്നു KP ഉണ്ണികൃഷ്ണൻ. ഏതാനും വർഷങ്ങളായി സജീവ രാഷ്ട്രീയത്തിൽ നിന്ന് വിട്ടു നിൽക്കുകയായിരുന്നു KP ഉണ്ണികൃഷ്ണൻ.

✪✪✪

മുൻ കേന്ദ്രമന്ത്രിയും കോൺഗ്രസ് നേതാവും മികച്ച പാർലമെന്റേറിയനുമായിരുന്ന KP ഉണ്ണികൃഷ്ണന്റെ വിയോഗത്തിൽ ആദരാഞ്ജലി അർപ്പിച്ച് രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിലെ പ്രമുഖർ.

മതനിരപേക്ഷ രാഷ്ട്രീയത്തിന്റെ ശക്തനായ വക്താവും പത്രപ്രവർത്തന രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചയാളുമായിരുന്നു KP ഉണ്ണികൃഷ്ണൻ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

മികച്ച പാർലമെന്റേറിയനും, ഭരണാധികാരിയായിരുന്നു KP ഉണ്ണികൃഷ്ണൻ എന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അനുസ്മരിച്ചു.

കോൺഗ്രസ് പ്രസ്ഥാനത്തിന് ഉണ്ണികൃഷ്ണൻ പുരോഗമന ആശയങ്ങൾ നൽകിയെന്ന് ബെന്നി ബെഹന്നാൻ എംപി പറഞ്ഞു.

വിയോഗം കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിന് തീരാനഷ്ടമാണെന്ന് കൊടിക്കുന്നിൽ സുരേഷ് MP യും അഭിപ്രായപ്പെട്ടു.

വിയോഗത്തിൽ മന്ത്രി എ.കെ.ശശീന്ദ്രനും അനുശോചിച്ചു.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷാവസ്ഥ കാരണം ഗൾഫ് മേഖലയിൽ കുടുങ്ങിയ യാത്രക്കാരെ തിരിച്ചെത്തിക്കുന്നതിന് ഇൻഡിഗോ ഇന്ന് ജിദ്ദയിൽ നിന്ന് ഇന്ത്യയിലേക്ക് 10 പ്രത്യേക വിമാന സർവീസുകൾ നടത്തുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചു. ആവശ്യമായ അനുമതികൾക്കും വ്യോമാതിർത്തി സാഹചര്യങ്ങൾക്കും വിധേയമായി, യാത്രക്കാർക്ക് സൗകര്യമൊരുക്കുന്നതിന് ഇന്ത്യൻ കോൺസുലേറ്റുമായി ഏകോപനം നടത്തുന്നുണ്ടെന്ന് മന്ത്രാലയം വ്യക്തമാക്കി.

✪✪✪

പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വൈറ്റ് ഹൗസിൽ ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെഴ്സുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. യൂറോപ്യൻ പങ്കാളികളുമായും

ഇസ്രായേലുമായും സ്ഥിതിഗതി ചർച്ച ചെയ്യുന്നതായും ഐക്യത്തിന് ഒരുമിച്ച് നിൽക്കണമെന്ന് ആവശ്യപ്പട്ടതായും ജർമ്മൻ ചാൻസലർ അറിയിച്ചു. ഇറാൻ ഇസ്രായേലിനും സഖ്യകക്ഷികൾക്കുമെതിരായ ആക്രമണത്തിൽ നിന്ന് പിന്തിരിയണമെന്നും ഫ്രഡെറിക് മെഴ്സ് ആവശ്യപ്പെട്ടു.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷത്തിനിടയിൽ മൂന്ന് ഇന്ത്യൻ നാവികർക്ക് ജീവൻ നഷ്ടമായതായും ഒരാൾക്ക് പരിക്കേറ്റതായും ഷിപ്പിംഗ് ഡയറക്ടറേറ്റ് അറിയിച്ചു. വിദേശ കപ്പലുകളിൽ സേവനം അനുഷ്ടിച്ചിരുന്ന ഇന്ത്യക്കാരാണ് മരിച്ചത്. ദുരിത ബാധിതരായ നാവികർക്കും കുടുംബാംഗങ്ങൾക്കും ആവശ്യമായ പിന്തുണയും സഹായവും നൽകുന്നതായും ഡയറക്ടറേറ്റ് വ്യക്തമാക്കി.

✪✪✪

അമേരിക്കയുമായി സംയുക്തമായി നടത്തിയ ആക്രമണത്തിൽ ഇറാനിലെ 31 പ്രവിശ്യകളിൽ 24 എണ്ണത്തിലും 1,200 ലധികം യുദ്ധോപകരണങ്ങൾ വർഷിച്ചതായി ഇസ്രായേൽ വ്യോമസേന അറിയിച്ചു. ബഹ്റൈൻ, ഇറാഖ്, ജോർദാൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്നിവയുൾപ്പെടെ ഒമ്പത് രാജ്യങ്ങളിൽ ഇറാൻ ആക്രമണം നടത്തിയാതായും ഇസ്രായേൽ അറിയിച്ചു.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷത്തെ തുടർന്ന് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഇന്ന് പുറപ്പെടേണ്ടിയിരുന്ന അബുദാബി, ഷാർജ, ദുബായ്, ദോഹ, ഫുജൈറ സർവീസുകൾ റദ്ദാക്കി. എയർ ഇന്ത്യ എക്സ്പ്രസ്സും ഇൻഡിഗോയും ആണ് കണ്ണൂരിൽ നിന്ന് സർവീസ് നടത്തുന്നത്.

✪✪✪

ശക്തമായ സാമ്പത്തിക അടിത്തറയുമായി ഇന്ത്യ ലോകത്തിന്റെ ആശാദീപമായി തുടരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വികസിത ഭാരത കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിന് ഇന്ത്യയുടെ ദ്രുത സാമ്പത്തിക വികസനം വഴിയൊരുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സാമ്പത്തിക വളർച്ചയെ സുസ്ഥിരമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന വിഷയത്തിൽ സംഘടിപ്പിച്ച ബജറ്റാനന്തര വെബിനാറിനെ വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യൂട്യൂബ് ചാനൽ സബ്സ്ക്രൈബർമാരുടെ എണ്ണത്തിൽ 30 ദശലക്ഷം എന്ന നാഴികക്കല്ല് പിന്നിട്ടു. ഇതോടെ ലോകനേതാക്കളിൽ ഏറ്റവും കൂടുതൽ ആളുകൾ പിന്തുടരുന്ന വ്യക്തിയായി അദ്ദേഹം മാറി.

✪✪✪

ഇന്ന് രാജ്യത്ത് സമ്പൂർണ്ണ ചന്ദ്രഗ്രഹണം ദൃശ്യമാകും. ഉച്ച കഴിഞ്ഞ് 3.20 മുതൽ വൈകിട്ട് 6.47 വരെയാണ് ഗ്രഹണം.

✪✪✪

പൊലീസ്, വിജിലൻസ്, ജയിൽ വകുപ്പുകളുടെ പുതിയ മന്ദിരങ്ങൾ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം മുട്ടത്തറയിൽ ഉദ്ഘാടനം ചെയ്യും. പുതിയ മന്ദിരങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനത്തോടൊപ്പം പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും മുഖ്യമന്ത്രി തറക്കല്ലിടും.

മന്ത്രി V. ശിവൻകുട്ടിയും DGP റവദാ ചന്ദ്ര ശേഖറും, ജനപ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും.

✪✪✪

ഇന്ന് ലോക വന്യജീവി ദിനം. വംശനാശഭീഷണി നേരിടുന്ന മൃഗങ്ങളെയും സസ്യങ്ങളെയും കുറിച്ച് അവബോധം വളർത്താനും വന്യജീവികൾക്കെതിരായ കുറ്റകൃത്യങ്ങൾ ക്കെതിരെ പോരാടുന്നതിനുമാണ് എല്ലാ വർഷവും മാർച്ച് 3 ലോക വന്യജീവി ദിനമായി ആചരിക്കുന്നത്.

ഭൂമിയെ സമ്പന്നമാക്കുകയും ആവാസവ്യവസ്ഥയെ നിലനിർത്തുകയും ചെയ്യുന്ന ജന്തുജാല വൈവിധ്യത്തെ ആഘോഷിക്കുന്നതിനാണ് വന്യജീവി ദിനം കൊണ്ടാടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹികമാധ്യമത്തിൽ കുറിച്ചു.

രാജ്യത്തിന്റെ കാലാതീതമായ ധാർമ്മികത പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ പഠിപ്പിക്കുന്നുവെന്ന് ദിനത്തിൽ ആഭ്യന്തര മന്ത്രി അമിത് ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഭക്തി സാന്ദ്രമായി തിരുവനന്തപുരം നഗരം. പൊങ്കാല അർപ്പിച്ച് ഭക്തലക്ഷങ്ങൾ......

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്...

.........വോയ്സ്........

രാവിലെ 9.15ന് ശുദ്ധ പുണ്യാഹത്തോടെയാണ് ആറ്റുകാൽ പൊങ്കാല ചടങ്ങുകൾ ആരംഭിച്ചത്. തോറ്റംപാട്ടുകൾക്ക് ശേഷം തന്ത്രി പരമേശ്വരൻ ഭട്ടതിരിപ്പാടിന്റെ സാന്നിധ്യത്തിൽ മേൽശാന്തി അനീഷ് നമ്പൂതിരി ശ്രീകോവിലിൽനിന്ന് ദീപം പകർന്ന് ക്ഷേത്ര തിടപ്പള്ളിയിലെ പൊങ്കാല അടുപ്പിലേക്കു പകർന്നു.

ഇതേ ദീപം സഹമേൽശാന്തി ഏറ്റുവാങ്ങി വലിയ തിടപ്പള്ളിയിലും പണ്ടാര അടുപ്പിലും കത്തിച്ചു. പണ്ടാര അടുപ്പിൽനിന്ന് പകർന്ന ദീപം ഭക്തർ സ്വന്തം അടുപ്പുകളിലേക്ക് ജ്വലിപ്പിച്ചതോടെ തിരുവനന്തപുരം നഗരം അക്ഷരാർത്ഥത്തിൽ യാഗശാലയായി മാറി. ഉച്ചയ്ക്ക് 2.15ന് ഉച്ചപൂജയ്ക്കു ശേഷമാണ് പൊങ്കാല നിവേദ്യം. നിവേദ്യത്തിന് 350 പൂജാരിമാരെയാണ് നിയോഗിച്ചിട്ടുള്ളത്.

പൊങ്കാല അർപ്പിക്കാൻ ക്ഷേത്ര പരിസരത്ത് ഇത്തവണ കൂടുതൽ സ്ഥല സൗകര്യവും ഒരുക്കിയിരുന്നു. ക്ഷേത്ര പരിസരം കൂടാതെ തിരുവനന്തപുരം നഗരത്തിലും ജില്ലയിലെ മറ്റ് ഭാഗങ്ങളിലും ഭക്തലക്ഷങ്ങൾ പൊങ്കാല അർപ്പിക്കുന്നുണ്ട്.

അതേ സമയം ചന്ദ്രഗ്രഹണമായതിനാൽ വൈകുന്നേരം 3.10 മുതൽ വൈകുന്നേരം 7 മണി വരെ ക്ഷേത്ര ദർശനം ഉണ്ടായിരിക്കുന്നതല്ലെന്ന് ക്ഷേത്ര ഭാരവാഹികൾ അറിയിച്ചു.

ഭക്തരുടെ യാത്രാ സൗകര്യത്തിനായി കെ എസ് ആർ ടി സി ട്രെയിൻ അധിക സർവീസുകൾ ഇന്ന് ഒരുക്കിയിട്ടുണ്ട്. പൊങ്കാലയ്ക്ക് ശേഷമുള്ള ശുചീകരണത്തിനായി തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ 2600 ഓളം തൊഴിലാളികളെയാണ് നിയോഗിച്ചിരിക്കുന്നത്. പൊങ്കാലയോടനുബന്ധിച്ച് പൊലീസ് കനത്ത സുരക്ഷയാണ് ഒരുക്കിയിരിക്കുന്നത്. കൂടാതെ നഗരത്തിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

AI യുഗത്തിന് അനുസൃതമായി നൈപുണ്യ കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കുമെന്ന് മന്ത്രി V.ശിവൻകുട്ടി. കൊട്ടാരക്കര ഗവൺമെന്റ് ITI-യുടെ ബഹുനില മന്ദിരത്തിന്റെ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ITI-യുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് നാടിന് സമർപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു. ആധുനിക ട്രേഡുകളും മികച്ച ലാബ് സൗകര്യങ്ങളും ITIയുടെ പുതിയ കെട്ടിടത്തിൽ ഒരുക്കുമെന്നും പുതിയ കാലത്തെ വ്യവസായങ്ങൾക്ക് അനുയോജ്യമായ രീതിയിൽ നൈപുണ്യ കോഴ്സുകളും ആരംഭിക്കുമെന്നും V.ശിവൻകുട്ടി പറഞ്ഞു.

✪✪✪

ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിലെ ആദ്യ സെമിയിൽ നാളെ ദക്ഷിണാഫ്രിക്കയും, ന്യൂസിലാൻഡും ഏറ്റുമുട്ടും. വൈകിട്ട് ഏഴിന് കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം.

രണ്ടാം സെമിയിൽ വ്യാഴാഴ്ച ഇന്ത്യ, ഇംഗ്ലണ്ടിനെ നേരിടും.

✪✪✪

ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പിലെ ഇന്ത്യൻ പോരാട്ടങ്ങൾക്ക് ഇന്ന് ബിർമിംഗ്ഹാമിൽ തുടക്കമാകും. അഞ്ചു ഇനങ്ങളിലായി 12 പേരടങ്ങിയ സംഘമാണ് ഇന്ത്യക്കായി ഇറങ്ങുക. ടൂർണമെന്റിലെ ഇന്ത്യൻ മെഡൽ പ്രതീക്ഷയായ സാത്വിക് സായിരാജ് രങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം നാളെയാണ് ആദ്യ മത്സരത്തിന് ഇറങ്ങുക.

✪✪✪

നിയമസഭ തെരഞ്ഞെടുപ്പിന് UDF പ്രകടന പത്രിക തയ്യാറാക്കാൻ മാനിഫെസ്റ്റോ കമ്മിറ്റി വിവിധ മേഖലകളിലെ വ്യക്തികളിൽ നിന്നും അഭിപ്രായം ആരായുന്നു. കോഴിക്കോട് K.P.കേശവമേനോൻ ഹാളിലെ യോഗത്തിൽ മാനിഫെസ്റ്റോ കമ്മിറ്റി ചെയർമാൻ ബെന്നി ബെഹനാൻ, അംഗങ്ങളായ PK കുഞ്ഞാലിക്കുട്ടി, മറ്റ് പ്രമുഖർ പങ്കെടുക്കുന്നുണ്ട്.

✪✪✪

എറണാകുളം മെഡിക്കൽ കോളജിന്റെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് മന്ത്രി വീണാ ജോർജ്ജ് വൈകിട്ട് നാടിന് സമർപ്പിക്കും. 368 കോടി രൂപ ചെലവഴിച്ചാണ് സ്പെഷ്യാലിറ്റി ബ്ലോക്ക് സജ്ജമാക്കിയത്. വൈറൽ റിസർച്ച് ആന്റ് ഡയഗനോസ്റ്റിക് ലബോറട്ടറി, കോസ്മെറ്റോളജി ക്ലിനിക്, 12 പേ വാർഡുകൾ എന്നിവയും മന്ത്രി ഉദ്ഘാടനം ചെയ്യും.

ഉന്നത നിലവാര ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കിഫ്ബി ഫണ്ട് ഉൾപ്പെടെ ചെലവഴിച്ചാണ് പുതിയ ബ്ലോക്ക് സ്ഥാപിച്ചത്. ചടങ്ങിൽ മന്ത്രി P രാജീവ് അധ്യക്ഷനാകും.

✪✪✪

അടുത്ത സാമ്പത്തിക വർഷത്തെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ബജറ്റ് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് T ഷബ്നയാണ് ബജറ്റ് അവതരിപ്പിച്ചത്.

കാർഷിക-ആരോഗ്യ - വിദ്യാഭ്യാസ - പാർപ്പിട മേഖലക്ക് മുൻഗണന നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാന ഖരമാലിന്യ പരിപാലന പദ്ധതിയ്ക്കായി  തയ്യാറാക്കിയ 'ക്ലീൻ കേരള ആന്തം' പുറത്തിറങ്ങി. KSWMP മുൻകൈയടുത്ത് ക്ലീൻ കേരള ആന്തം തയ്യാറാക്കിയത്. ദൈവത്തിന്റെ സ്വന്തം നാടല്ലേ... പച്ചപ്പും പുഴയുമഴകല്ലേ? എന്നു തുടങ്ങുന്ന ഗാനം മാലിന്യമില്ലാത്ത സുന്ദര കേരളം എന്ന ഓരോ മലയാളിയുടെയും സ്വപ്നത്തിന് ഈണവും താളവും പകരുന്നു.

'എന്റെ മാലിന്യം, എന്റെ ഉത്തരവാദിത്തം, എന്റെ കേരളം, എന്റെ അഭിമാനം' സന്ദേശമാണ് ഗാനത്തിൽ ഉൾക്കൊള്ളിച്ചത്.

✪✪✪

ശബരിമല സ്വർണക്കൊള്ളക്കേസിലെ പ്രതികളിലൊരാ ളായ സ്മാർട്ട് ക്രിയേഷൻസ് ഉടമ പങ്കജ് ഭണ്ഡാരി  ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയുടെ പരിഗണന കൊല്ലം വിജിലൻസ് കോടതി മറ്റന്നാളത്തേക്ക് മാറ്റി. ഇന്ന് കേസ് പരിഗണിച്ചെങ്കിലും മെഡിക്കൽ റിപ്പോർട്ട് സമർപ്പിക്കാൻ പ്രോസിക്യൂഷൻ സാവകാശം തേടിയ പശ്ചാത്തലത്തിലാണ് ഹർജി വ്യാഴാഴ്ചത്തേക്ക് മാറ്റിയത്.

✪✪✪

*News Editor & News Reader വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, സയ്യിദ് അലി ശിഹാബ്, ശരണ്യ രാജൻ*
*DEO: സി കെ സുബോധ്*